മംഗളവാർത്താക്കാലം
(ഒന്നാം ഞായർ)



# എമ്മാവൂസ് വചനദൂത്

## സ്നാപകന്റെ ജനനത്തെക്കുറിച്ച് അറിയിപ്പ്

ബ്ര. വിനു കാക്കകൂടുങ്കൽ

ലൂക്ക. 1: 5 - 25 (Vol. 9, Issue 28)

2018 ഡിസംബർ 2, ഞായറാഴ്ച്ച. ആരാധനാക്രമവത്സരത്തിലെ ഒരു പുതിയ കാലത്തിലേയ്ക്ക് നാം ഇന്ന് പ്രവേശിക്കുന്നു. കാത്തിരിപ്പിന്റെ കാലമായ മംഗളവാർത്താക്കാലം. പൂർവ്വപിതാക്കന്മാർ പ്രത്യാശയോടെ കാത്തിരുന്ന ദൈവത്തിന്റെ വാഗ്ദാനം രക്ഷകനായ ഈശോയിൽ പൂർത്തിയാക്കപ്പെടുന്നു. ആ രക്ഷകനെ ഹൃദയത്തിലും ജീവിതത്തിലും സ്വീകരിക്കാൻ ഒരുക്കത്തോടെ കാത്തിരിക്കുന്ന പ്രതീക്ഷയുടെ കാലഘട്ടം. ഇന്ന് തിരുസഭാ മാതാവ് നമ്മുടെ വിചിന്തനത്തിനായി നൽകിയിരിക്കുന്ന വചനഭാഗം വി. ലൂക്ക 1:5–25 വരെയുള്ള വാക്യങ്ങളാണ്.

സ്നാപകയോഹന്നാന്റെ ജനനത്തെപ്പറ്റി സഖറിയായ്ക്ക് ലഭിക്കുന്ന ദൈവികസന്ദേശത്തെ പറ്റിയാണ് നാം ഇന്ന് വായിച്ചു കേട്ടത്. നിരന്തരമായ പ്രാർത്ഥനയും പ്രത്യാശയോടെയുള്ള കാത്തിരിപ്പും ദൈവത്തിന് തങ്ങളുടെ ജീവിതത്തിൽ ഇടപെടാനുള്ള സമയമാക്കി മാറ്റിയവരാണ് സ്നാപകന്റെ മാതാപിതാക്കൾ. “ദൈവം ഓർക്കുന്നു” എന്ന അർത്ഥമുള്ള സഖറിയായുടെ ജീവിതത്തെപ്പറ്റി നമുക്ക് ചിന്തിക്കാം. ലൂക്കാ 1:5–25 വരെയുള്ള വചനങ്ങളിൽ അദ്ദേഹത്തെപ്പറ്റി സുവിശേഷകൻ പറഞ്ഞു വയ്ക്കുന്നുണ്ട്.

ഒന്നാമതായി അദ്ദേഹം ഒരു യഹൂദ പുരോഹിതനായിരുന്നു. രണ്ടാമതായി അദ്ദേഹം വിവാഹിതനുമായിരുന്നു. ഭാര്യയുടെ പേര് എലിസബത്ത് (ദൈവം ശപഥം ചെയ്തു) എന്നായിരുന്നു. മൂന്നാമതായി ഇവർ രണ്ടുപേരും ദൈവത്തിന്റെ മുമ്പിൽ നീതിനിഷ്ഠരും കർത്താവിന്റെ കൽപ്പനകളും പ്രമാണങ്ങളും കുറ്റമറ്റവിധം അനുസരിക്കുന്നവരുമായിരുന്നു. നാലാമതായി അവർക്ക് മക്കൾ ഉണ്ടായിരുന്നില്ല. എലിസബത്തിന്റെ വന്ധ്യത ആയിരുന്നു അതിന് കാരണം. അവസാനമായി ഇനി മക്കൾ ഉണ്ടാകാൻ സാധ്യതയില്ലാത്ത വിധം രണ്ടുപേരും പ്രായമേറിയവരുമായിരുന്നു.

സുവിശേഷത്തിൽ നാം കാണുന്ന ഈ വിവരണങ്ങളും മറ്റും നമ്മുടെ ജീവിതത്തിലെ പ്ര

ശ്നങ്ങളോടും ഉത്തരം ലഭിക്കാത്ത ചോദ്യങ്ങളോടും ചേർത്തു വായിച്ചാൽ നമ്മുടെ ഉൾക്കാഴ്ച്ചകളിലും ബോധ്യങ്ങളിലും മാറ്റം വരും. ജീവിതത്തിലുടനീളം ദൈവകൽപനകൾ കുറ്റമില്ലാത്തവിധം അനുസരിച്ചിട്ടും അവരുടെ ജീവിതത്തിൽ ഒരു സങ്കടം മാത്രം അവശേഷിച്ചു. മക്കളില്ല എന്ന ദുരവസ്ഥ. യഹൂദ പശ്ചാത്തലത്തിൽ മക്കളില്ല എന്ന അവസ്ഥ ദൈവശാപമായിട്ടാണ് കണക്കാക്കിയിരുന്നത്. ഈ പ്രതിസന്ധിയിലും സഖറിയ ദൈവവിശ്വാസത്തിൽ നിന്ന് അകന്നു പോയില്ല. ദൈവസ്നേഹത്തിൽ നിന്ന് പുറകോട്ട് പോയില്ല. ദൈവശുശ്രൂഷകൾ അവസാനിപ്പിച്ചില്ല. ചെയ്യുന്ന ശുശ്രൂഷകൾ അലക്ഷ്യമായി ചെയ്തില്ല. ദൈവത്തെപ്പറ്റി സ്വന്തം ഹൃദയത്തിലോ മറ്റുള്ളവരോടോ പരാതികളും കുറ്റങ്ങളും പറഞ്ഞില്ല.

ഞാൻ ഇത്രമാത്രം പാപം ചെയ്യാതെയും ദൈവകൽപ്പനകൾ അനുസരിച്ചും ദൈവത്തെ വിശ്വസിച്ചും സ്നേഹിച്ചും ജീവിച്ചിട്ടും പുരോഹിത ശുശ്രൂഷകൾ ശുഷ്കാന്തിയോടെ ചെയ്തിട്ടും ദൈവം എന്നോട് ഇങ്ങനെയാണല്ലോ ചെയ്തത്. എനിക്ക് ഒരു കുഞ്ഞിനെ പോലും തന്നില്ലല്ലോ. ഈ ദൈവത്തെ എനിക്ക് വേണ്ട; ഈ ദൈവത്തെ ഞാൻ ശുശ്രൂഷിക്കുകയില്ല; ഈ ദൈവത്തോട് ഇനി ഞാൻ പ്രാർത്ഥിക്കുകയില്ല എന്നിങ്ങനെയൊന്നും സഖറിയ പ്രതികരിക്കുന്നില്ല. മറിച്ച് അദ്ദേഹം ദൈവത്തെ സ്നേഹിക്കുകയും വിശ്വസിക്കുകയും ചെയ്തുകൊണ്ടേയിരുന്നു.

ഇതിനൊക്കെ തെളിവായുള്ള വചനങ്ങൾ സുവിശേഷത്തിൽ നാം വായിക്കുന്നുണ്ട്. പ്രായമേറെ കഴിഞ്ഞിട്ടും ദൈവാലയത്തിൽ ശുശ്രൂഷ ചെയ്യാൻ കിട്ടിയ അവസരം അദ്ദേഹം വേണ്ടാന്നു വച്ചില്ല. നറുക്കെടുപ്പിലൂടെയാണ് അദ്ദേഹത്തിന് ഈ അവസരം ലഭിച്ചിരുന്നത്. അനേകം യഹൂദ പുരോഹിതന്മാരിൽ നിന്നും ദൈവം സഖറിയായെ തെരഞ്ഞെടുത്തു. ജറുസലേം ദേവാലയത്തിൽ ധൂപം അർപ്പിക്കുന്ന സമയത്താണ് മാലാഖ പ്രത്യക്ഷപ്പെട്ട് സദ്വാർത്ത അറിയിക്കുന്നത്. ദൈവദൂതൻ സഖറിയായോട് പറഞ്ഞു: ''നിന്റെ പ്രാർത്ഥന ദൈവം കേട്ടിരിക്കുന്നു. നിന്റെ ഭാര്യ എലിസബത്തിൽ നിനക്കൊരു പുത്രൻ ജനിക്കും''.

ഇതിൽ നിന്നും അനുമാനിക്കാൻ സാധിക്കുന്നത് രണ്ടു കാര്യങ്ങളാണ്. ഒന്നാമതായി സഖറിയായുടെ ഏറ്റവും തീക്ഷ്ണമായ പ്രാർത്ഥന ഒരു കുഞ്ഞിനു വേണ്ടിയുള്ളതായിരുന്നു. രണ്ടാമതായി ആ പ്രാർത്ഥന ദൈവം കേട്ട് ഒരു പുത്രനെ നൽകുവാൻ മനസ്സായിരിക്കുന്നു എന്നതാണ്. സഖറിയായുടെ അഗാധമായ വിശ്വാസത്തിനും പ്രത്യാശ നിറഞ്ഞ ജീവിതത്തിനും ലഭിച്ച ഉത്തരമാണ് ഈ അനുഗ്രഹം. സഖറിയായുടെ ജീവിതം നമ്മുടെ ജീവിതവുമായി ചേർത്തു വായിക്കുമ്പോൾ ഒരുപാട് പൊരുത്തക്കേടുകൾ കണ്ടെത്താൻ സാധിക്കും. സഖറിയായെക്കാൾ അനുഗ്രഹിക്കപ്പെട്ടവരാണ് നമ്മിൽ പലരും. എന്നിട്ടും നമുക്ക് ദൈവത്തോടുള്ള പരാതികൾ കൂടുതലാണ്. നമ്മുടെ ജീവിതത്തിൽ പ്രയാസങ്ങളും നിസ്സാര പ്രതിസന്ധികളും കടന്നുവരുമ്പോൾ ദൈവത്തെ നാം തള്ളിപ്പറയുന്നു. എന്നാൽ സഖറിയായുടെ ജീവിതം, നമ്മെ മറിച്ചു ചിന്തിക്കുവാൻ പഠിപ്പിക്കുന്നു. പ്രതിസന്ധികളുടെ കാലത്തും വിശ്വാസത്തിലും ദൈവസ്നേഹത്തിലും പ്രാർത്ഥനയിലും നിലനിന്നാൽ ദൈവം പ്രാർത്ഥന കേട്ട് ഇടപെടുമെന്ന് സഖറിയ നമ്മെ പഠിപ്പിക്കുന്നു.

പലപ്പോഴും ദൈവഹിതത്തോട് കീഴ്വഴങ്ങി നമ്മുടെ ജീവിതങ്ങൾ ക്രമീകരിക്കുവാൻ നമുക്ക് സാധിക്കാതെ പോകുന്നു. അവിടുത്തെ പദ്ധതി എന്തെന്ന് മനസ്സിലാക്കുവാൻ സാധിക്കാതെ പോകുന്നു. എന്തുകൊണ്ട് നമുക്കതിന് സാധിക്കുന്നില്ല എന്ന വസ്തുത നാം കണ്ടെത്തേണ്ടിയിരിക്കുന്നു. പലപ്പോഴും ദൈവത്തെപ്പറ്റി നമുക്ക് തെറ്റ് പറ്റുന്നത് നാം സമയത്തിനും കാലത്തിനുമുള്ളിൽ ജീവിക്കുന്നു എന്ന് മറന്നു പോകുമ്പോഴാണ്. ആഴമായ വിശ്വാസവും പരിശ്രമവും സമയത്തിനും കാലത്തിനും അധീനനായ ദൈവത്തിന്റെ പദ്ധതികളെ മനസ്സിലാക്കാൻ നമ്മെ പ്രാപ്തരാക്കും. സഖറിയായുടെ ജീവിതം നമുക്ക് പറഞ്ഞു തരുന്നതും ഇതു തന്നെയാണ്.

ആയതിനാൽ സഹോദരങ്ങളെ, വാർത്തകളുടെ ലോകത്ത് ജീവിക്കുന്ന നമുക്ക്, നമ്മുടെ ജീവിതത്തിലെ വാർത്തകൾ മംഗളവാർത്തകളാണോ സങ്കടവാർത്തകളാണോ എന്ന് തീരുമാനിക്കാം. നാം എങ്ങനെ അതിനെ നോക്കിക്കാണുന്നു എന്നതിന് ആശ്രയിച്ചിരിക്കും അത് നമ്മുടെ ജീവിതത്തിൽ ചെലുത്തുന്ന സ്വാധീനം.

ആത്മാർത്ഥതയോടെ പ്രാർത്ഥിക്കാം. ദൈവത്തിന്റെ സമയം നമ്മിൽ നിറവേറാനായി പ്രാർത്ഥിക്കാം. ദൈവിക പദ്ധതികൾക്ക് കീഴ്വഴങ്ങി ജീവിക്കുവാനുള്ള അനുഗ്രഹം സർവ്വശക്തനായ തമ്പുരാൻ നമുക്ക് നൽകട്ടെ.